ഭരണഭാഷ - മാതൃഭാഷ

നംബർ: എ.സി5-27704/2014/ആ.വ.ഡ.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 05-05-2014.

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഇന്റേണൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തന അവലോകനത്തിനായി കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. പികെ. ജമീല അവർകളുടെ അദ്ധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ 03-05-2014 രാവിലെ 11 മണിയ്ക്ക് യോഗം ആരംഭിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ, ഓഡിറ്റ് സെക്ഷൻ സൂപ്രണ്ട്, ഇന്റേണൽ ഓഡിറ്റ് ടീം അംഗങ്ങൾ, ഓഡിറ്റ് സെക്ഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം അന്യത്ര ചേർത്തിരിക്കുന്നു.

ഇന്റേണൽ ഓഡിറ്റ് ടീമിന്റെ പരിശോധന റിപ്പോർട്ടുകളുടെ പ്രാധാന്യവും അതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും ആമുഖമായി പറഞ്ഞുകൊണ്ട് സീനിയർ ഫിനാൻസ് ഓഫീസർ യോഗനടപടികൾ ആരംഭിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് ഡയറക്ടറെ ക്ഷണിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജമീല, ഇത്തരമൊരു യോഗം സംഘടിപ്പി-ച്ചതിൽ സന്തോഷം രേഖപ്പെടുത്തുകയും എല്ലാ മാസവും 2-ാ മത്തെ പ്രവർത്തി ദിനത്തിൽ ഓഡിറ്റ് അവലോകന യോഗം കൂടണമെന്ന നിർദ്ദേശം മുൻപോട്ടുവച്ച സീനിയർ ഫിനാൻസ് ഓഫീസർക്ക് അഭിനന്ദനം അറിയിക്കുകയും ചെയ്തു.

നിലവിൽ ഓരോ സ്ഥാപനത്തിലും തുടർന്നുകൊണ്ടു പോകുന്ന തെറ്റായ നടപടികളെ ഇന്റേണൽ ഓഡിറ്റിൽ കണ്ടുപിടിയ്ക്കുകയും അവ അപ്പോൾതന്നെ കൂട്ടായ ചർച്ചയിലൂടെ ബോധ്യപ്പെടുത്തുകയും ആയവ ഭാവിയിൽ തിരുത്തുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും ബോധപൂർവ്വമായി ക്രമക്കേടുകൾ വഴി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്ന വർക്കെതിരെ ശ്കതമായ നടപടി കൈക്കൊള്ളേണ്ടതായു ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു. പ്രധാനപ്പെട്ട ക്രമക്കേടുകൾ ഉണ്ടാകാവുന്ന മെഖലകളായ എൻ.ആർ.എച്ച്.എം, എച്ച്.എം.സി, ആർ.എസ്.ബി.വൈ. അക്കൗണ്ടുകളിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ടതിന്റെ ആവശ്യകതയും ആരോഗ്യ വകുപ്പ് ഡയറക്ടർ ബോധ്യപ്പെടുത്തി. പരിശോധനാറിപ്പോർട്ടുകൾ ഉടനടി നടപടി സ്വീകരിക്കത്തക്കവിധം സുപ്രധാനമായതിനാൽ കാലതാമസം ഒഴിവാക്ക മെന്നും ആവശ്യപ്പെട്ടു.

സർക്കാരിന് സാമ്പത്തിക നഷ്ടം വരുവാൻ തക്കവിധം സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവരെ യാതൊരുവിധ പരിഗണനയും ഇല്ലാതെ കണ്ടുപിടിയ്ക്കേണ്ടതാണെന്നും അപ്രകാരമുള്ളവരുടെ ബാധ്യത നിർണ്ണയിച്ച് അതുവഴി നിയമത്തിനു മുന്നിൽ കൊണ്ടു വരേണ്ടതിന്റെ ആവശ്യകതയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയും അതിലേയ്ക്കായി ഓഡിറ്റ് ടീമിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഭാഗത്തുനിന്നും 100% സഹായം വാഗ്ദാനം ചെയ്യുകയുമുണ്ടായി.

തുടർന്ന് സംസാരിച്ച സീനിയർ ഫിനാൻസ് ഓഫീസർ, നിലവിലെ ഇന്റേണൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തന ക്ഷമതയെ അഭിനന്ദിച്ചു. ഇന്റേണൽ ഓഡിറ്റിൽ അക്കൗണ്ടന്റ് ജനറലിൽ നിന്നും സർക്കാരിൽ നിന്നുമുള്ള ധനകാര്യ പരിശോധന റിപ്പോർട്ടുകൾ പരിശോധിക്കേണ്ടതുണ്ടെന്നും അവയ്ക്ക് യഥാസമയം മറുപടി നൽകുന്നതിലേയ്ക്കായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അതാത് സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പരിശോധന റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ബന്ധപ്പെട്ട സെക്ഷന് നൽകി ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതിന്റെ ചുമതല വകുപ്പിന് ഉണ്ട് എന്നും പലപ്പോഴും വകുപ്പിലെ നടപടി വൈകുന്നതുമൂലം ക്രമക്കേടുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിരമക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നത് കൂടാതെ ക്രമക്കേടുകൾ സാർവ്വത്രികമാകുന്ന അവസ്ഥയും ഉണ്ടാകുന്നത് ഗൗരവകരമായിത്തന്നെ കാണേണ്ടതാണെന്നും സീനിയർ ഫിനാൻസ് ആഫീസർ അഭിപ്രായപ്പെട്ടു.

തുടർന്ന് ഓരോ ഇന്റേണൽ ഓഡിറ്റ് ടീം പ്രതിനിധികളേയും അവരവരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി അദ്ദേഹം ക്ഷണിച്ചു.

**ഐ.എ.പി. ടീം - 1**

നിലവിൽ സാമ്പത്തിക ബാധ്യത വളരെ കുറഞ്ഞു വരുന്നതായും, റീ-കൺസിലിയേഷന്റെ അഭാവം ഓരോ സ്ഥാപനത്തിലും പ്രകടമാണെന്നും ഓരോ മാസവും ശരിയായ റീ-കൺസീലിയേഷൻ ഓരോ സ്ഥാപനത്തിലും ആവശ്യമാണെന്നും അഭിപ്രായപ്പെട്ടു. ആരോഗ്യ വകുപ്പിനു കിഴിലെ അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ മിക്കപ്പോഴും ഓഡിറ്റിന് വിധേയമാക്കിയിട്ടില്ലാത്ത 5 മുതൽ 10 വർഷം വരെ പഴക്കമുള്ള ഫയലുകളുടേയും അനുബന്ധ രേഖകളുടേയും പരിശോധന വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ തീർക്കേണ്ടതിന്റെ ബുദ്ധിമുട്ടും സൂചിപ്പിക്കുകയുണ്ടായി.

അടുത്ത ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ ഈ വിഷയം ഉൾപ്പെടുത്താൻ അതാത് ഇന്റേണൽ ഓഡിറ്റ് ടീം സൂപ്രണ്ടുമാർക്ക് അവസരം നൽകാമെന്ന് യോഗം തീരുമാനിച്ചു.

<u>ഐ.എ.പി. ടീം - 2</u>

പ്രസ്തുത ടീമിൽ 1 സ്റ്റാഫിന്റെ കുറവുണ്ടെന്നും അത് നികത്താനുള്ള നടപടി അടിയന്തി രമായി കൈക്കൊള്ളേണ്ടതാണെന്നും അറിയിച്ചു. മിക്ക സ്ഥാപനങ്ങളിലും ക്യാഷ് ബുക്ക് സിസ്റ്റം വ്യത്യസ്തരീതിയിലാണ് കൈകാര്യം ചെയ്യുന്നതെന്നും മിക്കപ്പോഴും ആയവ കൈകാര്യം ചെയ്യുന്നത് സർക്കാർ സർവ്വീസിൽ ഏറ്റവും ജൂനിയർമാരായ ക്ലാർക്കുമാരാണെന്നും അറിയിച്ചു. മേൽനോട്ടത്തിലെ അപാകതയും ഈ അവസ്ഥയ്ക്ക് ആക്കം കൂട്ടുന്നതായും അറിയിച്ചു. <u>ഈ അവസ്ഥ പരിഹരിക്കുന്നതിലേയ്ക്കായി പ്രസ്തുത ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയും വിശദീകരിച്ചു.</u>

<u>ഐ.എ.പി. ടീം - 3.</u>

ഇന്റേണൽ ഓഡിറ്റ് ടീം 1 & 2 ന്റെ അഭിപ്രായത്തോട് യോജിപ്പ് പ്രകടിപ്പിച്ചു.

<u>ഐ.എ.പി ടീം - 4</u>

മേൽ ടീമുകളുടെ അഭിപ്രായത്തോട് യോജിക്കുകയും ഭാവിയിൽ ഓഡിറ്റ് സംബന്ധമായി വകുപ്പിൽ നിന്നും സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഓഡിറ്റ് ടീമിന് യഥാസമയം നൽകുന്നതിന്റെ സാഹചര്യം ഉണ്ടാകണമെന്നും അഭിപ്രായപ്പെട്ടു.

ആർ.എസ്.ബി.വൈ. അക്കൗണ്ടിനെ സംബന്ധിച്ച ഉത്തരവുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നത് എൻ.ആർ.എച്ച്.എം മുഖേന ആയതിനാൽ അത്തരത്തിലുള്ള രേഖകൾ ഓഡിറ്റ് ടീമിനു കൂടി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളമെന്ന് ഓഡിറ്റ് സെക്ഷൻ സൂപ്രണ്ട് അറിയിച്ചു.

തുടർന്ന് ശ്രീ. ഉദയകുമാർ.എസ്. ജൂനിയർ സൂപ്രണ്ട് ഐ.എ.പി. ടീം - 2 എച്ച്.എം.സി. അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള കരട് രൂപരേഖ യോഗത്തിൽ അവതരിപ്പിച്ചു.

<u>യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.</u>

1. എല്ലാ മാസവും 2-ാം മത്തെ പ്രവർത്തി ദിനത്തിൽ കൂടുന്ന ഓഡിറ്റ് അവലോകന യോഗത്തിൽ അതാത് ഐ.എ.പി. ടീംസ് അവർ നടത്തിയ മുൻമാസത്തെ പരിശോധന റിപ്പോർട്ട് സമർപ്പിക്കണം.
2. ബന്ധപ്പെട്ട ഓഡിറ്റ് സെക്ഷനുകൾ (എസി.1, എസി2, എസി3&എസി4) ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് ഫോളോഅപ് നടത്തി നടപടി യഥാസമയം കൈക്കൊള്ളേണ്ടതും ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും അത് പി.ആർ പരിശോധനയിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

3. പരിശോധന റിപ്പോർട്ട് കിട്ടിയാലുടൻ, റിപ്പോർട്ടുകളിലെ കണ്ടെത്തലുകളിൻമേലും ശുപാർശയിൻമേലും ഉടനടി തന്നെ നടപടി സ്വീകരിച്ച് എ.റ്റി.ആർ സമർപ്പിക്കാൻ ബന്ധപ്പെട്ട സെക്ഷൻ തയ്യാറാക്കണം.
4. പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം ഒഴിവാക്കാനായി എ.സി. സെക്ഷനിൽ ഒരു ടൈപ്പിസ്റ്റിന്റെ സേവനം ലഭിക്കുന്നതിനുള്ള നിർദ്ദേശം അടുത്ത സ്റ്റാഫ് മീറ്റിംഗിൽ അവതരിപ്പിക്കാൻ തീരുമാനിച്ചു.
5. തുടർന്ന് വരുന്ന ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ അതാത് ഐ.എ.പി. ടീം സൂപ്രണ്ടുമാരെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.
6. എച്ച്.എം.സി. അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഒരു ഏകീകരണമെന്ന നിലയിൽ വ്യക്തമായ നിർദ്ദേശങ്ങളടങ്ങുന്ന സർക്കുലർ ഇറക്കി ആയത് ആരോഗ്യ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങൾക്കു ലഭ്യമാക്കത്തക്ക വിധത്തിൽ വകുപ്പിന്റെ ഒഫീഷ്യൽ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചു.
7. ഓഡിറ്റ് റിപ്പോർട്ട് മലയാളത്തിൽ സമർപ്പിക്കണം.

യോഗം ഉച്ചയ്ക്ക് 2 മണിയ്ക്ക് അവസാനിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടർ.

മേലെഴുത്ത് നം. എസി5-27704/2014/ആവഡ തി: 22/05/2014

നടപടിക്കുറിപ്പിന്റെ പകർപ്പ് അറിവിലേയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കുമായി നൽകുന്നു.

ആവഡയ്ക്കുവേണ്ടി.

1) AC1, AC2, AC3, AC4
2) CA to DHS/Sr. A.O/ Sr. F.O
3) File

## യോഗത്തിൽ പങ്കെടുത്തവർ

| | | | |
|---|---|---|---|
| 1. | ഡോ. പി.കെ. ജമീല | : | ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് |
| 2. | ശ്രീ. എം.ബി. സാനു | : | സീനിയർ ഫിനാൻസ് ഓഫീസർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് |
| 3. | ശ്രീ. ആർ. സുഭാഷ് | : | സീനിയർ സൂപ്രണ്ട്, എ.സി സെക്ഷൻ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് |
| 4. | ശ്രീ. അനിൽ കുമാർ.പി കെ. | : | സീനിയർ ക്ലാർക്ക് |
| 5. | ശ്രീ. അശോക് കുമാർ. സി | : | ജൂനിയർ സൂപ്രണ്ട് ഐ.എ.പി - 4. |
| 6. | ശ്രീ. ഉദയകുമാർ | : | ജൂനിയർ സൂപ്രണ്ട് ഐ.എ.പി - 2. |
| 7. | ശ്രീ. ഷാജി എസ്. | : | ജൂനിയർ സൂപ്രണ്ട് ഐ.എ.പി - 3. |
| 8. | ശ്രീ. ബി. സന്തോഷ് | : | സീനിയർ ക്ലാർക്ക് ഐ.എ.പി - 4. |
| 9. | ശ്രീ. കെ. ജയകുമാർ | : | സീനിയർ ക്ലാർക്ക് എ.സി4 സെക്ഷൻ. |
| 10. | ശ്രീ. [illegible]ജി.വി.എസ്. | : | സീനിയർ ക്ലാർക്ക് ഐ.എ.പി - 1 |
| 11. | ശ്രീ. എഡ്ഗർ മഞ്ചൽ | : | ജൂനിയർ സൂപ്രണ്ട് ഐ.എ.പി - 1. |
| 12. | ശ്രീ. റൊണാൽഡ്.എൽ.ജി | : | സീനിയർ ക്ലാർക്ക് ഐ.എ.പി - 1. |
| 13. | ശ്രീ. ബിജു. എസ്.എസ്. | : | സീനിയർ ക്ലാർക്ക് എ.സി2 സെക്ഷൻ. |
| 14. | ശ്രീമതി. ഹേനരാജ്.എസ്. | : | സീനിയർ ക്ലാർക്ക് എ.സി5 സെക്ഷൻ. |
| 15. | ശ്രീമതി ദീപ. കെ.വി | : | ക്ലാർക്ക് എ.സി2 സെക്ഷൻ. |
| 16. | ശ്രീ. ഫിറോസ്ഖാൻ.എം. | : | ക്ലാർക്ക് എസി3 സെക്ഷൻ. |